### (iii) ശീതയുദ്ധവും മധ്യപൗരസ്ത്യ ദേശീയതകളും (1945 മുതൽ 1970 വരെ)

രണ്ടാം ലോകയുദ്ധത്തോടെ മേഖലയിൽ ബ്രിട്ടന്റെയും ഫ്രാൻസിന്റെയും ആധിപത്യം തകരുകയും അമേരിക്ക–സോവിയറ്റ് ചേരിപ്പോരിന്റേതായ ഒരു ദ്വിധ്രുവ ലോകക്രമം നിലവിൽ വരികയും ചെയ്തു. തങ്ങളുടെ ഭൂതകാലത്തെ മുഴുവൻ വിദേശാധിനിവേശത്തിനെതിരിലുള്ള ചെറുത്തുനില്പിന്റെ ചട്ടക്കൂട്ടിൽ വ്യാഖ്യാനിക്കാനുള്ള പ്രവണത 70–കളുടെ തുടക്കം വരെയെങ്കിലും അറബ് നാടുകളിലും ഇറാനിലും നിലനിന്നു. ചിലയിടത്തൊക്കെ ഇപ്പോഴും അത് നിലനില്ക്കുന്നുണ്ട്. ആധുനിക കാലത്ത് ഇംഗ്ലണ്ടും ഫ്രാൻസും അധിനിവേശം നടത്തിയപോലെ മധ്യകാലഘട്ടത്തിൽ മംലൂകുകളും അറബികളുമടക്കമുള്ള മുസ്‌ലിംകളും അധിനിവേശം നടത്തി എന്നായിരുന്നു വാദം. 50–കളുടെ മധ്യത്തോടെ ആരംഭിച്ച വിപ്ലവ കാലഘട്ടത്തിൽ മാർക്സിസത്തെ ഒരു ബൗദ്ധിക പാരമ്പര്യമായി ഗൗരവബുദ്ധ്യാ പരിഗണിക്കുകയും സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തെ വർഗ സംഘട്ടനത്തിന്റെ കാഴ്ചപ്പാടിലൂടെ കാണുകയും ചെയ്തു.

തുർകിയിൽ അതാതുർക് വിപ്ലവത്തിനു ശേഷം ഭരണകൂടത്തിന്റെ നയങ്ങൾ മൂലം സാമ്പത്തിക വളർച്ച മുരടിച്ചുവെങ്കിലും 1960 വരെയെങ്കിലും വിദേശാധിനിവേശത്തെക്കുറിച്ച ആശങ്കകൾ ഇല്ലാതായി. സൈപ്രസിലെ തുടർച്ചയായ പ്രതിസന്ധികൾ കാരണം 1960–കളിൽ അമേരിക്കൻ വിരുദ്ധ വികാരം ശക്തിപ്പെട്ടു. ഇതിനിടയിലും നാട്ടിൻപുറങ്ങളിലെ വ്യാപകമായ ദാരിദ്ര്യത്തെക്കുറിച്ചും വൻനഗരങ്ങളിൽ തൊഴിലാളിവർഗം സംഘടിച്ചു രംഗത്തു വരാത്തതിനെക്കുറിച്ചുമുള്ള മാർക്സിസ്റ്റു വ്യാഖ്യാനങ്ങൾ രംഗത്തുണ്ടായിരുന്നു.

യുദ്ധാനന്തര കാലത്ത് ചരിത്രകാരന്മാർ രാഷ്ട്രീയ സംഘർഷങ്ങളിൽ അനിവാര്യമായും ഏർപ്പെടേണ്ടി വന്നത് പക്ഷേ, ചരിത്ര രചനയുടെ പ്രൊഫഷനലൈസേഷനെ പ്രതികൂലമായി ബാധിച്ചില്ല. ചരിത്ര രചനയുടെ പ്രൊഫഷനലൈസേഷൻ ഇക്കാലത്ത് വർധിച്ചതേയുള്ളൂ. മധ്യ പൗരസ്ത്യ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ വളർച്ചയാണ് അതിന് ആക്കം കൂട്ടിയത്. സർവകലാശാലകളിലേക്ക് വിദ്യാർഥികളുടെ ഒഴുക്ക് വർധിച്ചപ്പോൾ പുതിയ പ്രൊഫസർമാർ അനിവാര്യമായി. പ്രൊഫസറാകാൻ ആവശ്യമായ വിശ്വസനീയമായ ഗവേഷണ ബിരുദങ്ങൾക്ക് 1970–കളുടെ തുടക്കം വരെയും ലണ്ടനെയോ പാരീസിനെയോ ആശ്രയിക്കുകയേ മാർഗമുണ്ടായിരുന്നുള്ളൂ. തുടർന്ന് ധാരാളം വിദ്യാർഥികൾ ഉത്തര ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും പുതിയ വിദ്യാസ്ഥാപനങ്ങളിൽ ചേർന്നു പഠിച്ചുതുടങ്ങി. തന്മൂലം മധ്യപൗരസ്ത്യ പണ്ഡിതന്മാർക്കിടയിൽ ചരിത്ര ഗവേഷണത്തിലെ ദ്വിഭാഷാ സ്വഭാവം പിന്നെയും വർധിച്ചു. ഇക്കാലത്ത് ഇംഗ്ലീഷിലും ഫ്രഞ്ചിലും പ്രസിദ്ധീകരിക്കപ്പെട്ട പ്രമുഖ പ്രബന്ധങ്ങളിൽ മിക്കവയും സോർബോണിലും ലണ്ടൻ യൂനിവേഴ്സിറ്റിയിലും ഡോക്ടറേറ്റിനു സമർപ്പിക്കപ്പെട്ട തീസിസുകളായിരുന്നു.

ആദർശത്തിന്റെയും രാഷ്ട്രീയ സംഘർഷത്തിന്റെയും പ്രതിഫലനങ്ങൾ മാത്രമാണ് ഇക്കാലത്തെ വൈജ്ഞാനിക രചനകൾ എന്ന് വിലയിരുത്തുന്നത് തികഞ്ഞ അബദ്ധമായിരിക്കും. ഇതര രാഷ്ട്രീയ–ആദർശ ചിന്താഗതിക്കാർക്കു കൂടി പ്രയോജനപ്പെടുന്നതിനെ ആശ്രയിച്ചാണ് ഒരു കൃതിയുടെ 'വൈജ്ഞാനികത' നിർണയിക്കപ്പെടുന്നതെങ്കിൽ ഇക്കാലത്ത് പുറത്തിറങ്ങിയ ഒട്ടേറെ കൃതികൾ ഇക്കാര്യത്തിൽ മുൻപന്തിയിൽ നില്ക്കുന്നുവെന്ന് തീർത്തു പറയാം. ഏറ്റവും പ്രമുഖരായ ചരിത്രകാരന്മാരെ മാത്രം പരാമർശിക്കുകയാണെങ്കിലും, ഹലീൽ ഈൽസികിനെ ഒഴിച്ചുനിർത്തി ആധുനിക ഉഥ്മാനീ പഠനങ്ങളോ അബ്ദുൽ അസീസ്ദൂരിയെ ഒഴിച്ചു നിർത്തി ആദ്യകാല ഇസ്‌ലാമിക ചരിത്രമോ സങ്കല്പിക്കാനാവില്ല. തുർകി പണ്ഡിതന്മാരുടെ ഇഷ്ടവിഷയമായ സൽജൂഖീ ചരിത്രത്തിൽ ഉഥ്മാൻ തുരാൻ, മുഹമ്മദ് കോയ്മെൻ, ഇബ്റാഹീം കഫെസോഗ്‌ലു എന്നിവരുടെ കൃതികൾ ഈ വിഷയകമായി ലോകത്ത് രചിക്കപ്പെട്ട മറ്റെല്ലാ ചരിത്ര ഗ്രന്ഥങ്ങളെയും കവച്ചുവയ്ക്കുന്നതാണ്. ഈജിപ്തിൽ നാസ്വിർ ഭരണകൂടത്തിന്റെ കടുത്ത നിയന്ത്രണങ്ങൾക്കിടയിലും കൈറോ സർവകലാശാലയിലെ മുഹമ്മദ് അനീസിന്റെ ശിഷ്യന്മാർ 19–20 നൂറ്റാണ്ടുകളിലെ ഈജിപ്തിന്റെ സാമൂഹിക–സാമ്പത്തിക ചരിത്രത്തെക്കുറിച്ച് പഠിക്കാൻ ഒരു വേദിക്ക് രൂപം നല്കുകയുണ്ടായി. കുരിശുയോദ്ധാക്കളുടെയും അയ്യൂബികളുടെയും മംലൂകുകളുടെയും ചരിത്രം പ്രതിപാദിക്കുന്ന ധാരാളം പഠനങ്ങളും ലേഖനങ്ങളും സഈദ് അബ്ദുൽ ഫത്താഹ് ആശൂറും ശിഷ്യൻമാരും പുറത്തിറക്കി. ഈ പഠനങ്ങളിലേക്ക് പാശ്ചാത്യ പണ്ഡിതന്മാരുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല. ഇങ്ങനെയൊക്കെയാണെങ്കിലും പൗരാണിക കാലത്തെ പക്ഷപാതിത്വത്തെ കവച്ചുവച്ച പുതിയ രാഷ്ട്രീയ സമ്മർദങ്ങൾ സ്വതന്ത്ര ചരിത്ര ഗവേഷണത്തിന് ഒരുപാട് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. നാസ്വിറിന്റെ ഭരണകാലത്തെ ഈജിപ്തിലെയും ഷായുടെ കാലത്തെ ഇറാനിലെയും ആഭ്യന്തര സുരക്ഷാ സംവിധാനങ്ങൾ, ഇറാഖിലെയും സിറിയയിലെയും രാഷ്ട്രീയ സംഘർഷാവസ്ഥ, തുർകിയിൽ നിരന്തരമുണ്ടായ സൈനിക ഇടപെടലുകൾ, അറബ്–ഇസ്റാഈൽ സംഘർഷം മൂലമുണ്ടായ വിലക്ക് എന്നിവയൊക്കെ സ്വതന്ത്ര ചരിത്രഗവേഷണത്തെ ക്ലേശകരമാക്കി.